**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 633** **10-02-2025 - ൽ മറുപടിയ്ക്ക്**

**ഗാർഹിക സംരംഭങ്ങൾക്കുള്ള സഹായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഗാർഹിക സംരംഭങ്ങൾക്ക് നിലവിൽ എത്ര ശതമാനം പലിശ സബ്സിഡി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഗാർഹിക സംരംഭകർക്ക് എന്തൊക്കെ അധിക സഹായങ്ങളാണ് അനുവദിച്ചിട്ടുള്ളതെന്നും അറിയിക്കാമോ? | (എ) | ഗാർഹിക മേഖലയിലെ സംരംഭങ്ങൾക്ക് മാത്രമായി ആനുകൂല്യം നൽകുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന പ്രത്യേകം പദ്ധതികൾ നടപ്പിലാക്കുന്നില്ല. എങ്കിലും സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിലെ സംരംഭങ്ങൾക്ക് ആനുകൂല്യങ്ങൾ നല്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ ഗാർഹിക മേഖലയിലെ സംരംഭങ്ങൾക്കും പദ്ധതി നിബന്ധനകൾക്ക് വിധേയമായി ലഭിക്കുന്നു. സംരംഭങ്ങൾക്ക് പലിശ ഇളവ് നൽകുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന 'ഒരു കുടുംബം ഒരു സംരംഭം' പദ്ധതി പ്രകാരം ഉത്പാദന, സേവന, വ്യാപാര മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള വായ്പയ്ക്ക് 6 ശതമാനം വരെ പലിശ ഇളവ് ധനസഹായമായി നൽകുന്നു. മേൽ സംരംഭക സഹായ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1..**ഒരു കുടുംബം ഒരു സംരംഭം**: ഉത്പാദന, സേവന, വ്യാപാര മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള ബാങ്ക് വായ്പയ്ക്ക് പലിശയിളവ് നൽകുന്നതിനാണ് 'ഒരു കുടുംബം ഒരു സംരംഭം' പദ്ധതി വിഭാവനം ചെയ്യുന്നത്. പദ്ധതിയിൽ ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4%-ൽ അധികരിച്ചുള്ള പലിശയിൽ 6 ശതമാനം വരെ ഇളവ് ധനസഹായം ആയി നൽകുന്നു. 01/04/2022 ന ശേഷം ആരംഭിച്ച ഉല്പാദന, സേവന, വ്യാപാര മേഖലയിലെ സംരംഭങ്ങൾക്കാണ് പദ്ധതി പ്രകാരം പലിശയിളവ് ആനുകൂല്യം ലഭ്യമാകുന്നത്. ലോൺ വിതരണം ചെയ്ത തീയതി മുതൽ 5 വർഷം വരെ പലിശ സബ്സിഡി ആനുകൂല്യം ലഭിക്കുന്നു. 6 മാസം/12 മാസക്കാലയളവിലുള്ള ബാങ്ക് ലോണിന്റെ പലിശയിളവിനാണ് അപേക്ഷകന് ഓരോ തവണയും |

അപേക്ഷിക്കുവാൻ കഴിയുക. അപേക്ഷ സമർപ്പിക്കുന്ന സമയത്ത് യൂണിറ്റ് പ്രവർത്തന നിരതമായിരിക്കണം.

**2) ചെറുകിട യൂണിറ്റുകൾക്കുള്ള മാർജിൻ മണിഗ്രാന്റ്**

വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് Margin Money Grant നൽകി കൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറു സംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഉല്പന്ന നിർമ്മാണം, ഭക്ഷ്യസംസ്കരണം, മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവന മേഖല എന്നിവയിൽ ആരംഭിക്കുന്ന, സ്ഥിര മൂലധനവും പ്രവർത്തന മൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹത ഉണ്ട്. ജനറൽ വിഭാഗത്തിന് മാർജിൻ മണി ഗ്രാന്റ് ആകെ പ്രോജക്റ്റ് ചെലവിന്റെ 30% ഉം, ഗുണഭോക്തൃ വിഹിതം കുറഞ്ഞത് 30% ഉം, ബാങ്ക് വായ്പ 40% ഉം ആയിരിക്കും. എസ്.സി./എസ്.ടി. /വനിതകൾ/ വിമുക്ത ഭടന്മാർ/ 40 വയസ്സ് വരെയുള്ള യുവ സംരംഭകർ/ ഭിന്നശേഷിക്കാർ തുടങ്ങിയ പ്രത്യേക വിഭാഗക്കാർക്ക് മാർജിൻമണി ഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 40 ശതമാനവും, ഗുണഭോക്തൃ വിഹിതം കുറഞ്ഞത് 20 ശതമാനവും, ബാങ്ക് വായ്പ 40 ശതമാനവും ആയിരിക്കും. ഈ പദ്ധതിയിലൂടെ നല്കുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും, മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയും ആണ്.

**3. സംരംഭക സഹായ പദ്ധതി (ഇ.എസ്.എസ്.)**

വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കി വരുന്നു. പ്രാരംഭ സഹായം, നിക്ഷേപ സഹായം, സാങ്കേതിക സഹായം എന്നീ മൂന്നു ഘട്ടങ്ങളായാണ് സഹായം നൽകുന്നത്. ഈ പദ്ധതി പ്രകാരം ഉല്പാദന മേഖലയിലെ സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 15 ശതമാനം മുതൽ 45 ശതമാനം വരെ, പരമാവധി 40 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു.

**മറ്റ് ആനുകൂല്യങ്ങൾ**

21.01.2020 ലെ സ.ഉ. (സാധാ) നം. 160/2020/ ത.സ്വ.ഭ.വ. അനുസരിച്ച് വ്യവസായ വകുപ്പിന്റെയും, മലിനീകരണ നിയന്ത്രണ ബോർഡിന്റെയും അംഗീകാരമുള്ള, 5 HP യിൽ താഴെ ശേഷിയുള്ള ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുന്ന വ്യവസായ

| | | | |
|---|---|---|---|
| | | | സംരംഭങ്ങൾക്ക് പഞ്ചായത്ത്, മുനിസിപാലിറ്റി എന്നിവയുടെ അംഗീകാരമില്ലാതെ പ്രവർത്തിക്കാൻ കഴിയുന്നതാണ്.<br><br>ഗാർഹിക സംരംഭങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെയും ചെറുകിട വ്യാപാരികളെയും ഓൺലൈൻ പ്ലാറ്റ്ഫോമുകളിലേക്ക് പ്രവേശനം നേടുന്നതിന് സഹായിക്കുന്ന തിനായി ഓപ്പൺ നെറ്റ്വർക്ക് ഫോർ ഡിജിറ്റൽ കോമേഴ്സ് (ONDC) എന്ന നെറ്റ് വർക്ക് സംവിധാനം നിലവിലുണ്ട്. ഇതിലേക്ക് പ്രൊഡക്ടുകൾ ഓൺബോർഡ് ചെയ്യുന്ന തിനുള്ള മാർഗനിർദേശവും പിന്തുണയും ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നൽകി വരുന്നു. സംസ്ഥാനത്തെ വ്യവസായങ്ങൾക്ക് സുസ്ഥിരമായ വളർച്ച കൈവരിക്കുന്നത് ഉറപ്പുവരുത്തുക എന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിന് അനുസൃതമായി സംസ്ഥാനത്തെ ഗാർഹിക സംരംഭങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സുക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കും (എം.എസ്.എം.ഇ) മിനിമം ഇൻഷുറൻസ് പരിരക്ഷ നൽകാൻ വേണ്ടി MSME ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സംരംഭങ്ങൾക്ക് അവരുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്ന, മുൻകൂട്ടി കാണാൻ കഴിയാത്ത അപകട സാധ്യതകളിൽ നിന്ന് സാമ്പത്തിക പരിരക്ഷ നൽകുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. ഒരു സംരംഭകൻ നൽകുന്ന വാർഷിക ഇൻഷുറൻസ് പ്രീമിയത്തിന്റെ 50 ശതമാനം വരെ (പരമാവധി 5000 രൂപ) റീഇംബേഴ്സ്മെന്റ് ആയി നൽകുന്ന ഈ പദ്ധതി, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ